# സഹോദരാ, നരകത്തിൽ ചാടല്ലേ

[ Malayalam - മലയാളം - مليالم ]

## اتقوا النار


സി.പി. സ്വലാഹുദ്ദീൻ സ്വലാഹി

صلاح الدين صلاحي



Web edition by:

islamhouse.com

1432 – 2011

بسم الله الرحمن الرحيم

താങ്കൾ സ്ത്രീധനം വാങ്ങിയോ? വാങ്ങാൻ ഉദ്ദേശമുണ്ടോ? മക്കളെക്കൊണ്ട് വാങ്ങിപ്പിച്ചോ? എങ്കിൽ അങ്ങനെയുള്ളവർ അല്ലാഹുവിന്റെ ശിക്ഷയെ കരുതിയിരിക്കട്ടെ.

സഹോദരാ...താങ്കൾ കഠിന കഠോരമായ ആ തീജ്വാലയിൽ കത്തിയെരിയാൻ ആഗ്രഹിക്കുന്നോ? തിളച്ച് മറിഞ്ഞു കൊണ്ടിരിക്കുന്ന ആ നരകത്തിന്റെ കാവൽക്കാർ ചോദിക്കും; നിങ്ങൾക്ക് മുന്നറിയിപ്പുകാർ വന്നിരുന്നില്ലേ? തീർച്ചയായും നിങ്ങൾക്കൊപ്പം ഈ എഴുത്തും ഹാജറാക്കപ്പെടും. വിവാഹ മൂല്യം നൽകാനും അന്യായമായത് തിന്നാതിരിക്കുവാനുമാണല്ലോ ഇസ്ലാമിന്റെ കൽപ്പന.

സഹോദരാ..... ഇന്നുതന്നെ താങ്കൾ വാങ്ങിയ അന്യായമായ പണം തിരിച്ചു കൊടുത്ത് യഥാർഥ വിശ്വാസിയാകുവാൻ ശ്രമിക്കുക. പെണ്ണിന്റെ പണം വാങ്ങി മഹർ നിഷ്ഫലമാകാതിരിക്കുവാൻ വിവാഹിതരാവാൻ പോകുന്നവരും പ്രത്യേകം ശ്രദ്ധിക്കുക.

നിങ്ങളുടെ സഹോദരൻ മുമ്പ് മരിച്ചത് നിങ്ങൾ ഓർക്കുന്നില്ലേ? പെണ്ണിന്റെ പണവുമായി അദ്ദേഹവും കുറെക്കാലം വിലസിയതാണ്. ഇപ്പോൾ അദ്ദേഹത്തിന്റെ അവസ്ഥ എന്തായിരിക്കും? അന്യായമായ പണം ചേർന്ന ആ ശരീരം പുഴുക്കൾ കയറി വാശിയോടെ തിന്നു തീർക്കുകയാണ്. അദ്ദേഹത്തിനിപ്പോൾ അന്യായമായ പണം ആവശ്യമില്ല. അമ്പതും അമ്പതും വേണ്ട. നൂറും ലക്ഷവും വേണ്ട. മക്കളെക്കൊണ്ട് വാങ്ങിക്കുവാൻ തിടുക്കവുമില്ല. ആറടി മണ്ണിൻ ചുവട്ടിൽ ആരാരുമില്ലാതെ ഒറ്റക്ക് കിടക്കുന്ന അദ്ദേഹത്തിന് തുണയാര്? സ്ത്രീധനം കൊടുത്തവനോ, വാങ്ങാൻ കൂട്ടുനിന്നവനോ, വാങ്ങിയ സ്തീധനമൊ ആരുമില്ല!

സഹോദരാ.... അതുപോലൊരു ദിനം താങ്കൾക്കും വരാനുണ്ട്. മറക്കരുത്. സ്ത്രീധനത്തുക വാങ്ങിയ വ്യക്തിയാണ് താങ്കൾ എങ്കിൽ, ആ ദിനം വന്നെത്തും മുമ്പെ അത് തിരിച്ച് നൽകുക. സ്വന്തം മക്കൾ വാങ്ങുമ്പോൾ മൗനമവലംബിക്കാതിരിക്കുക.

‘അമ്പതും അമ്പതും വാങ്ങി, നൂറും ലക്ഷവും വാങ്ങി, പെങ്ങന്മാർക്ക് ഇത്രയാണ് കൊടുത്തത്, ജേഷ്ഠൻ ഇത്രയാണ് കൊണ്ടു

വന്നത്, സ്വർണ്ണം മാത്രം മതി പണം വേണ്ട' എന്നൊക്കെ പറഞ്ഞ് നല്ലപിള്ള ചമയുന്നവരും കല്യാണ മേഖലിയിൽ ഇല്ലാതില്ല. വിവാഹം ചെയ്യാൻ ഉദ്ദേശിക്കുന്ന പെണ്ണിന്റെ വീട്ടിൽ പോയി ഇതെല്ലാം പറയുന്നവരെക്കാൾ ബുദ്ധിമാന്മാരായ വിഡ്ഢികൾ മറ്റാരുണ്ട്?!

'എനിക്ക് ദാഹിക്കുന്നു' എന്നത് വെള്ളം കിട്ടാനുള്ള സൂചനയാണ്. ഇതു പോലെ മുകളിൽ പരാമർശിച്ച സൂചനകൾ നൽകി പണം വാങ്ങുന്ന തട്ടിപ്പുകാരായ രക്ഷിതാക്കളും ആധുനിക യുഗത്തിൽ കുറവല്ല.

ഇത്തരം ആളുകൾ പെണ്ണിന്റെ പണം വാങ്ങി ഹറാമായ ഭക്ഷണം തിന്നുകയും, ആരും കണ്ടില്ലല്ലോ എന്ന് സമാശ്വാസമടയുകയും ചെയ്യുന്നു. പക്ഷേ എല്ലാം കാണുന്ന രാജാധി രാജനായ ദൈവം തമ്പുരാൻ എല്ലാം കണ്ടുകൊണ്ടിരിക്കുന്നു. പരിശുദ്ധ ഖുർആൻ പറയുന്നു:

'അന്യായമായി നിങ്ങൾ അന്യോന്യം സ്വത്തുക്കൾ തിന്നരുത്. അറിഞ്ഞു കൊണ്ടു തന്നെ ആളുകളുടെ സ്വത്തുക്കളിൽ വല്ലതും അധാർമ്മികമായി നേടിയെടുത്ത് തിന്നുവാൻ വേണ്ടി നിങ്ങളതുമായി വിധികർത്താക്കളെ സമീപിക്കുകയും ചെയ്യരുത്' (ബഖറ: 188).

കരുണാവാരിധിയായ നാഥാ.... ലക്ഷക്കണക്കിന് യുവതികൾ സ്ത്രീധനത്തിന്റെ പേരിൽ വിവാഹിതരാകാതെ നരകിക്കുന്നു. ഇതിന് സമാധാനം പറയേണ്ടവർ സ്ത്രീധനം വാങ്ങുന്നവരും പ്രോൽസാഹിപ്പിക്കുന്നവരും സ്ത്രീധന വിവാഹത്തിന് കാർമ്മികത്വം വഹിക്കുന്നവരുമാണ്. ഇവരുടെ കണ്ണീരൊപ്പാൻ സ്ത്രീധനമെന്ന ദുർഭൂതത്തെ സമൂഹത്തിൽ നിന്ന് ആട്ടിയോടിക്കുകയേ നിർവ്വാഹമുള്ളു. ഞങ്ങളെ നീ സഹായിക്കേണമേ.

ഒളിഞ്ഞും പതിഞ്ഞും മറച്ചും പിടിച്ചും സ്ത്രീധനം വാങ്ങിയവരും, മക്കൾ വാങ്ങിയപ്പോൾ മൗനം നൽകിയ രക്ഷിതാക്കളുമുണ്ടെങ്കിൽ, ഇനിയും അവരത് തിരിച്ചു നൽകിയിട്ടില്ലെങ്കിൽ, പടച്ചവനേ, നിന്റെ കോടതിയിൽ ഈ ഗുണകാംക്ഷാ ലേഖനം സാക്ഷിയായിരിക്കും.

وصلى الله عليه وسلم على نبينا محمد وعلى آله وصحبه وسلم.

************